I/80068/2022

**തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ്**

**ജില്ലാ നഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് -ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കൊല്ലം- തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ തൃക്കോവിൽവട്ടം വില്ലേജിൽ നിലവിലുള്ള ഗ്രൂപ്പ് B വിദ്യാഭ്യാസ വിനിയോഗഗണത്തിൽപ്പെട്ട കെട്ടിടത്തിന് പുറമേ 1870.64 വിസ്തൃതിയിൽ മൂന്ന് ബ്ലോക്കുകളായി ഗ്രൂപ്പ് B ഗണത്തിൽപ്പെടുന്നതും നിർമ്മാണം പൂർത്തിയാക്കിയതുമായ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് വേണ്ടി ശ്രീ മുഹമ്മദ് നൗഫൽ,ചെയർമാൻ,കൊയ്ലോൺ എഡ്യൂക്കേഷണൽ ട്രസ്റ്റ്, പട്ടത്തിൽ, അയത്തിൽ - ന്റ **ലേയൗട്ട്/ യൂസേജ് അംഗീകാരം നൽകി ഉത്തരവാകുന്നു.**

പരാമർശം:- മുഹമ്മദ് നൗഫൽ, ചെയർമാൻ, ക്വയിലോൺ എഡ്യൂക്കേഷണൽ ട്രസ്റ്റ്, അയത്തിൽ, കൊല്ലം സമർപ്പിച്ച 24/11/2022, 16.12.2022 എന്നീ തീയതികളിലെ അപേക്ഷകൾ.

**ഉത്തരവ് നമ്പർ TCPKLM/584/2022/C തീയതി 24-12-2022**

തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ തൃക്കോവിൽവട്ടം വില്ലേജിൽ സർവ്വേ നമ്പർ240/6,240/7,240/11-2, 240/12, 240/13-1, 240/13/1-2, 240/13-2, 240/14, 240/15, 241/3, 241/4, 241/5, 241/7, 241/8, 241/12, 241/13, 241/14, 241/15, 241/16, 241/17, 241/18-1, 241/18-2, 241/19, 241/20, 241/21, 242/8, 242/9, 242/10, 242/11, 242/14, 242/15, 242/16, 242/19, 242/20, 242/22, 244/1,244/2-2, 244/2-3, 244/3-1, 244/4, 244/5, 244/6, 244/7, 244/8-1, 244/8-2, 244/8-3, 244/8-4, 244/9, 244/9-1, 244/10, 244/10-1, 244/11, 244/11-1, 244/12, 244/13, 244/14, 244/14-1, 244/19, 244/19-2, 244/20. 244/22, 245/2, 245/3, 245/4, 245/9, 245/10,245/11, 245/12, 245/13, 251/4-2, 251/14, 251/5 പ്പെട്ട 40404m2 വിസ്തൃതിയുള്ള സ്ഥലത്ത് നിലവിൽ ഗ്രൂപ്പ് B വിദ്യാഭ്യാസ വിനിയോഗഗണത്തിൽപ്പെട്ട 567.05m2 വിസ്തൃതിയിലുള്ള കെട്ടിടത്തിന് പുറമേ 1870.64 വിസ്തൃതിയിൽ മൂന്ന് ബ്ലോക്കുകളായി ഗ്രൂപ്പ് B ഗണത്തിൽപ്പെടുന്നതും നിർമ്മാണം പൂർത്തിയാക്കിയതുമായ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് വേണ്ടി ശ്രീ മുഹമ്മദ് നൗഫൽ,ചെയർമാൻ,കൊയ്ലോൺ എഡ്യൂക്കേഷണൽ ട്രസ്റ്റ്, പട്ടത്തിൽ, അയത്തിൽ **സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KPBR 2019 നും താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേയൗട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.**

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നമ്പർ/ ഒക്യൂപെൻസി നൽകുവാൻ പാടുള്ളൂ.
2. KPBR 2019 ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിൻറെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലായെന്ന് സെക്രട്ടറി ഉറപ്പാക്കണം.
3. നിർമ്മാണം KPBR 2019 - നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം .

4. മറ്റ് വകുപ്പുകൾ/ ഏജൻസികൾ എന്നിവയിൽ നിന്നും ആവശ്യമായ NOC കൾ ലഭ്യമാക്കേണ്ടതാണ്.

5. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായെന്നും 2008 ലെ നെൽവയൽ തണ്ണീർത്തടനിയമം/ അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.

6. പരിസരവാസികൾക്ക് ദോഷമുണ്ടാകാത്ത വിധത്തിൽ, ഡ്രെയിനേജിനുള്ള (മഴവെള്ളം /മലിനജലം) സൗകര്യം നല്കിയിരിക്കണം.

7. ചട്ടം അനുസരിച്ച് ആവശ്യമായ പാർക്കിങ് (വാഹനങ്ങള് തിരിക്കാനും മറ്റും ആവശ്യമായ സ്ഥലം ഉൾപ്പെടെ) പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റിവച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

8. KPBR 2019 ചട്ടം 42 പ്രകാരം വിഭിന്ന ശേഷിക്കാർ, മുതിർന്നവർ, കുട്ടികൾ എന്നിവർക്കായുള്ള സൗകര്യങ്ങൾ കെട്ടിടത്തിൽ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

9. പ്രസ്തുത നിർമ്മാണം, ഉപയോഗം എന്നിവ പ്ലോട്ടിനോട് ചേർന്നുള്ള ജലസ്രോതസ്സിനെ കൈയ്യേറുന്നില്ലെന്നും മലിനപ്പെടുത്തുന്നില്ലെന്നും ഉറപ്പ വരുത്തേണ്ടതാണ്.

10. പ്ലോട്ടില് നിലവിലുള്ള കെട്ടിടങ്ങൾ അംഗീകൃതമാണെന്ന് സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ്.

11. സൈറ്റ് പ്ലാനില് പൊളിച്ച് നീക്കാനുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടുള്ള നിർമ്മാണങ്ങൾ പൊളിച്ച് നീക്കേണ്ടതാണ്.

12. കെ.പി.ബി.ആർ. 2019 ചട്ടം 79 ന് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

ഈ ഉത്തരവ് നിർമ്മാണം ആരംഭിക്കുന്നതിനോ / ക്രമവൽക്കരിക്കുന്നതിനോ ഉള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നടപടി ക്രമം പൂർത്തിയാക്കി ക്രമവൽക്കരണ അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ കെട്ടിടം ഉപയോഗിക്കാവൂ.

<u>55/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.</u>

Signed by
Shary M.V.
TOWN PLANNER
Date: 24-12-2022 14:44:48

ഉള്ളടക്കം : പ്ലാൻ ഒരു സെറ്റ്

ശ്രീ മുഹമ്മദ് നൗഫൽ,ചെയർമാൻ,കൊയ്ലോൺ എഡ്യൂക്കേഷണൽ ട്രസ്റ്റ്,
പട്ടത്തിൽ,അയത്തിൽ P.O,കൊല്ലം 691021

പകർപ്പ്:

I/80068/2022

സെക്രട്ടറി, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്